©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2023 മാർച്ച് 27<br>27th March 2023<br>1198 മീനം 13<br>13th Meenam 1198<br>1945 ചൈത്രം 6<br>6th Chaithra 1945 | നമ്പർ<br>No. | 1142 |

## പാലക്കാട് മുനിസിപ്പാലിറ്റി

### വിജ്ഞാപനം

ഇ1/57199/18 *2023 മാർച്ച് 27*

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 36-ആം വകുപ്പിന്റെ 4-ആം ഉപവകുപ്പ് പ്രകാരം പാലക്കാട് നഗരസഭാ പ്രദേശത്തിനുവേണ്ടിയുള്ള കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ് ഫോറം 4 ൽ ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്)

സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം-I V

[ചട്ടം 19(2) കാണുക]

**പാലക്കാട് മുനിസിപ്പൽ കൗൺസിൽ**

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 36-ആം വകുപ്പിന്റെ 4-ആം ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്

താഴെ പറയുന്ന അതിരുകളോടു കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ (പാലക്കാട് നഗരസഭയുടെ) കരട് മാസ്റ്റർ പ്ലാൻ പാലക്കാട് മുനിസിപ്പൽ കൗൺസിൽ പരിഷ്കരണങ്ങളോട് കൂടി സ്വീകരിച്ചത്, പാലക്കാട് മുനിസിപ്പൽ കൗൺസിലിന്റെ ഔദ്യോഗിക വെബ് സൈറ്റായ **www.palakkadmunicipality.lsgkerala.gov.in** -ൽ 2016–ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016-ലെ9) 36-ആം വകുപ്പ് (4)- ആം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് – അകത്തേതറ, മലമ്പുഴ ഗ്രാമപഞ്ചായത്തുകൾ

കിഴക്ക്-മരുതറോഡ് ,കൊടുമ്പ്ഗ്രാമപഞ്ചായത്തുകൾ

തെക്ക്- കണ്ണാടി, കൊടുമ്പ് ഗ്രാമപഞ്ചായത്തുകൾ

പടിഞ്ഞാറ്- പിരായിരി, പുതുപ്പരിയാരം ഗ്രാമപഞ്ചായത്തുകൾ

കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദ നഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ.

1. DTP സ്കീം ഫോർ അയ്യാപുരം രാമനാഥപുരം ഏരിയ.
2. DTP സ്കീം ഫോർ ബിഗ് ബസാർ ഏരിയ (തെക്ക് ഭാഗം).
3. DTP സ്കീം ഫോർ കൽവാക്കുളം ഏരിയ.
4. DTP സ്കീം ഫോർ സ്റ്റേഡിയം കോപ്ലക്സ്.
5. DTP സ്കീം ഫോർ സെൻട്രൽ ഏരിയ.

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ

1. DTP സ്കീം ഫോർ ഫോർട്ട് ആന്റ് എൻവിറോൺസ്
2. DTP സ്കീം ഫോർ സിവിൽ സ്റ്റേഷൻ - മണപ്പുള്ളിക്കാവ്-NH Road

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. DTP സ്കീം ഫോർസബ് സെന്റർ ഏരിയ (മേഴ്സി കോളേജിനു സമീപം)

4. DTP സ്കീം ഫോർ സബ് സെന്റർ ഏരിയ -പുത്തൂർ

5. DTP സ്കീം ഫോർ ഒലവക്കോട് ഏരിയ

6. DTP സ്കീം ഫോർ വെറ്റിലക്കുളം ഏരിയ

7. DTP സ്കീം ഫോർ കൽമണ്ഡപം ഏരിയ

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ

1. DTP സ്കീം ഫോർ അയ്യാപുരം രാമനാഥപുരം ഏരിയ.
2. DTP സ്കീം ഫോർ ബിഗ് ബസാർ ഏരിയ (തെക്ക് ഭാഗം).
3. DTP സ്കീം ഫോർ കൽവാക്കുളം ഏരിയ
4. DTP സ്കീം ഫോർ സ്റ്റേഡിയം കോംപ്ലക്സ്.
5. DTP സ്കീം ഫോർ സെൻട്രൽ ഏരിയ.

നിലവിലുള്ള 5 അംഗീകൃത വിശദ നഗരാസൂത്രണ പദ്ധതികളും, അവയുടെ കാലാവധി കഴിഞ്ഞിട്ടുള്ളതും, കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമാവേണ്ടതുമാണ്. ഈ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ കെട്ടിടങ്ങളും മറ്റു നിർമ്മിതികളും നിലവിലുള്ളതിനാൽ പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കാത്തതുമായിട്ടുള്ള റോഡുകളും പദ്ധതികളും ഒഴിവാക്കികൊണ്ടും നിലവിൽ നിർമ്മാണ നിയന്ത്രണങ്ങൾ തുടർന്ന് പോരുകയും, വരും കാലങ്ങളിൽ പൂർത്തീകരിക്കാൻ സാധിക്കുന്നതുമായ റോഡുകളും പദ്ധതികളും ഈ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തികൊണ്ടും, നിർമ്മാണം പൂർത്തീകരിച്ച റോഡികളും പദ്ധതികളും മാസ്റ്റർപ്ലാനിൽ അതേപടി നിലനിർത്തികൊണ്ടും ഈ 5 വിശദ നഗരാസൂത്രണ പദ്ധതികളും ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തികൊണ്ട് റദ്ദ് ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഇവ മാസ്റ്റർ പ്ലാൻ റിപ്പോർട്ടിലെ അധ്യായം 32 ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ

കേരള നഗര-ഗ്രാമാസൂത്രണ നിയമം 2016, വകുപ്പ് 62(3) പ്രകാരം, അനുമതി ലഭിച്ച മാസ്റ്റർപ്ലാനും, പ്രസിദ്ധീകരിച്ച വിശദനഗരാസൂത്രണ പദ്ധതിയും നിലവിലുള്ള സംഗതിയിൽ, അനുമതി ലഭിച്ച മാസ്റ്റർപ്ലാനിലെ വ്യവസ്ഥകൾ പ്രസിദ്ധീകരിച്ച വിശദനഗരാസൂത്രണ പദ്ധതിയിലെ വ്യവസ്ഥകൾക്കുമേൽ നിലനിൽക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കരട് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി പാലക്കാട് നഗരസഭാ ഓഫീസിലും ലഭ്യമാണ്.

പ്ലാനിൽ താൽപര്യമുള്ള ഏതൊരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ അറുപത് ദിവസത്തിനകം പാലക്കാട് നഗരസഭാസെക്രട്ടറിക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

(ഒപ്പ്)
സെക്രട്ടറി

(ഒപ്പ്)
ചെയർപേഴ്സൺ

സ്ഥലം : പാലക്കാട്

തിയ്യതി : 27/03/2023

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.03.27 07:00:29 +05:30